(ജി) ഉണ്ട്. കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം, മൺസൂൺ ട്രോളിംഗ് നിരോധനം, 35 എം.എം.-നു താഴെ കണ്ണി വലുപ്പമുള്ള വലകളുടെ നിരോധനം, പഴ്സ് സീൻ, റീംഗ് സീൻ, പെലാജിക് ട്രോൾ, മിഡ്വാട്ടർ ട്രോൾ എന്നീ വലകളുടെ നിരോധനം. കൃത്രിമപാര് നിർമ്മാണം, കാര, നാരൻ തുടങ്ങിയ വാണിജ്യ പ്രാധാന്യമുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചുള്ള സീറാഞ്ചിംഗ് പദ്ധതി എന്നിവ നടപ്പാക്കിയതിന്റെ ഫലമായി തൊഴിലവസരങ്ങളും മത്സ്യ സമ്പത്തും വർദ്ധിച്ചിട്ടുണ്ട്.

മത്സ്യക്കയറ്റുമതിയിലൂടെയുള്ള വരുമാനം

82 [1061] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
„ കെ. എൻ. എ. ഖാദർ:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ പി. കെ. അബ്ദുറബ്ബ്:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യക്കയറ്റുമതിയിൽ വർദ്ധനവ് ഉണ്ടായതായി കണക്കാക്കിയിട്ടുണ്ടോ;

(ബി) 2002-03, 2003-04 വർഷങ്ങളിൽ കയറ്റി അയച്ച മത്സ്യം എത്ര തുകയ്ക്ക് ഉള്ളതായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കയറ്റുമതി വർദ്ധപ്പിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കയറ്റുമതി ചെയ്യുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) 2140 കോടി രൂപ.

(സി) 1. കേന്ദ്ര സർക്കാർ സ്ഥാപനമായ മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ് (എം. ഒ. എഫ്. പി. ഐ.) മത്സ്യ സംസ്ക്കരണ ശാലകളുടെ നവീകരണത്തിന് ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ട്.

2. എം. പി. ഇ. ഡി. എ., കിൻഫ്ര (കെ. ഐ. എൻ. എഫ്. ആർ. എ.) എന്നിവ സംയുക്തമായി സംസ്ഥാനത്ത് മത്സ്യസംസ്ക്കരണശാല അലപ്പുഴ ജില്ലയിലെ അരൂരിൽ സ്ഥാപിച്ചുവരുന്നു. ടി സ്ഥാപനങ്ങൾ സംയുക്തമായി 500 ലക്ഷം രൂപ മുടക്കി എം.ഐ.ഡി.സി.ഒ.എൽ.പി. ലിമിറ്റഡ് (മിഡ് കോൺ ലിമിറ്റഡ്) എന്ന സ്ഥാപനം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 10 മത്സ്യോൽപ്പന്ന സംസ്ക്കരണശാലകൾ ചേർന്ന് സീ ഫുഡ് പാർക്ക് ഇൻഡ്യാ ലിമിറ്റഡ് എന്ന സ്ഥാപനം രൂപീകരിച്ച് മിഡ് കോണുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു.

(ഡി) പരിശീലന പരിപാടികൾ സംഘടിപ്പിച്ചും ആന്റി ബയോട്ടിക്കുകളുടെ പരിശോധനയ്ക്ക് ലാബുകൾ സ്ഥാപിച്ചും തുറമുഖങ്ങൾ നവീകരിച്ചും പ്രീപ്രോസസ്സിംഗ് സെന്ററുകൾ നവീകരിച്ചും ഗുണനിലവാരത്തെ സംബന്ധിച്ച് നോട്ടീസ് സ്ഥാപനങ്ങൾക്ക് നൽകിയും ഗുണനിലവാരം ഉറപ്പാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly